# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി
# സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

ആലപ്പുഴ ജില്ല

## സോഷ്യൽ ഓഡിററ് റിപ്പോർട്ട്

1/10/2018 - 31/03/2019

| | |
|---|---|
| ബ്ലോക്ക് | കഞ്ഞിക്കുഴി |
| ഗ്രാമ പഞ്ചായത്ത് | തണ്ണീർമുക്കം |
| വാർഡ് | 22, ലിസ്യൂ നഗർ |

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 3 |
| സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ | 4 |
| 7 രജിസ്റ്ററുകൾ | 5 |
| ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ | 7 |
| ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ | 11 |
| അവകാശനിഷേധങ്ങൾ | 13 |
| നിരീക്ഷണങ്ങളും കണ്ടെത്തലുകളും | 14 |
| ഗ്രാമസഭ മിനുട്സ് | 15 |

## സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രമാണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും, കണക്കെടുപ്പും,പരിശോധനയും,വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്. പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതു ഭരണം ജനസൌഹാർദ്ദപരമാക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്(as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു. യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

തണ്ണീർമുക്കം പഞ്ചായത്ത് വാർഡ് 22-ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 7 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

| സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് & കോഡ് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്ററി മേററ് തുക | ചെലവായ തുക |
| 1 | അക്ഷയ ഗ്രൂപ്പ് കർഷകർക്ക് ബ്ലോക്ക് പ്ലാൻറ്റേഷൻ IF/348818 | 26/07/2018 | 05/03/2019 | 494839 | 452047 |
| 2 | ആദിത്യ J. L. G. ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻറ്റേഷൻ IF/359566 | 26/07/2018 | 02/03/2019 | 458325 | 283214 |
| 3 | ശ്രെയസ്സ് JLG ഗ്രൂപ്പിന് ബ്ലോക്കിന് പ്ലന്റഷന് IF/349427 | 26/07/2018 | 05/03/2019 | 442111 | 346628 |
| 4 | ഐശ്വര്യശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലന്റഷൻ IF/348812 | 26/07/2018 | 01/13/2019 | 409612 | 342040 |
| 5 | പുനർജ്ജനി പദ്ധതിയുമായി സംയോജിച്ച് പെരുന്തിരിക്കാട് ഭാഗത്തെ വിടുകളിൽ കൃഷിയോഗ്യമാക്കൽ IF/374852 | 17/11/2018 | 27/01/2019 | 309076 | 120053 |
| 6 | ലൈഫ് ഭവന നിർമ്മാണം ബിന്ദുകുന്നേൽ IF/374852 | 19/11/2018 | 09/01/2019 | 25390 | 24390 |
| 7 | പുനർജ്ജനി പദ്ധതിയുമായി സംയോജിച്ചു കൊണ്ട് ലിസ്യുനഗർ ഭാഗത്തെ വീടുകളിൽ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ IF/371601 | 17/11/2018 | 12/01/2019 | 309076 | 211380 |

## 7 രജിസ്റ്ററുകൾ

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ( 2005 ) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സുക്ഷിക്കണ്ടാതാണ്.

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ
2. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവിശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

**പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ:**

1. *തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ :*
    - സെക്രട്ടറി സെർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നു.
    - പാർട്ട് എ, ബി, സി & ഡി എന്നി ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റെടുത്ത് സുക്ഷിച്ചിട്ടുണ്ട്

2. *സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ :*
    - കവർപേജ് ഉണ്ട്.
    - 2017 നവംബർ 24ന് ഗ്രാമസഭ നടത്തിയതിന്റെ മിനിറ്റ്സ് രേഖപ്പെടുത്തിയിരുന്നു. മിനിറ്റ്സ്പ്രകാരം 149പേർ പങ്കെടുത്ത ഗ്രാമസഭയിൽ 2018-2019

വർഷത്തിലെ പ്ലാൻറ്റേഷൻ വർക്കുകളുടെയും വ്യക്തിഗത ആനുകൂല്യങ്ങളുടെയും പേരുവിവരങ്ങൾ രേഖപ്പെട്ടുത്തിയിട്ടുണ്ട്.

3. *തൊഴിൽ ആവിശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ :*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസ് പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്.

4. *പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസ് പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്.

5. *സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - വാർഡുകളിലെ സൈറ്റുകളും ചെയ്തിരിക്കുന്ന വർക്കുകളും രേഖപെടുതിയിട്ടുണ്ട്

6. *പരാതി രജിസ്റ്റർ*
   - പരാതി *രജിസ്റ്റർ സൂക്ഷിക്കുന്നില്ല.*
   - ഓൺലൈൻ ആയിട്ടാണ് പരാതികൾ അയക്കുന്നത്.

7. *മെറ്റീരിയൽ രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസിൽ നിന്നും വിവരങ്ങൾ പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടുണ്ട്

## ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

**1. കവർപേജ്:**

AMC പ്രകാരമുള്ള കവർ പേജ് പരിശോധിച്ച 7 ഫയലുകളിലും ഉണ്ടായിരുന്നു.പ്രവർത്തിയുടെപേര്, പ്രവൃത്തി ആരംഭിച്ച തിയതി, , പ്രവർത്തി അംഗീകരിച്ച വർഷം, ലൊക്കേഷൻ, പഞ്ചായത്ത്, വില്ലേജ്, അസംബ്ലി നിയോജകമണ്ഡലം, പദ്ധതി നിർവ്വഹണ ഏജൻസി, കാറ്റഗറി, എസ്റ്റിമേറ്റ് തുക എന്നീ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

ചില ഫയലുകളിൽ പ്രവർത്തി അവസാനിച്ച തീയതി, ചിലവായ തുക ,മേറ്റിന്റെ പേര് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ജിയോടാഗ്,സാങ്കേതിക വിദഗ്ദ്ധന്റെ പേര്, സോഷ്യൽ ഓഡിറ്റ് എന്നീ രേഖപ്പെടുത്തലുകൾ 7 ഫയലിലും ഉണ്ടായിരുന്നില്ല.

**2. ചെക്ക് ലിസ്റ്റ്:**

7 ഫയലിലും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക ലിസ്റ്റ് ഉണ്ടായിരുന്നു.

**3. വാർഷിക കർമ്മ പദ്ധതി:**

ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**4. എസ്റ്റിമേറ്റ്*:***

കവർ പേജ്, എസ്ടിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്ടിമേറ്റ് എന്നിവ എല്ലാ ഫയലിലും ഉണ്ടായിരുന്നു.വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ തിയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

ലീഡ് ആൻഡ് ലിഫ്ററ്, റേറ്റ് അനാലിസിസ്, ,ഡ്രോയിംഗ് ആൻഡ് ഡിസയിൻ, എന്നിവ ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല.

**5. സാങ്കേതികാനുമതി:**

സാങ്കേതികാനുമതിയിൽ LSGD AE തീയതിയില്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.

**6. ഭരണാനുമതി:**

പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതിയിൽ സെക്രട്ടറിയുടെ ഒപ്പ്, സീൽ, തീയതി എന്നിവ രേഖപ്പെടുത്തിയിരുന്നില്ല.

**7. സംയോജിത പദ്ധതിയുടെ വിവരങ്ങൾ**:

സംയോജിത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും ഫയലിൽ ഉണ്ടായിരുന്നില്ല.

**8. ഡിമാന്റ് ഫോറം:**

അനുഛേദം 3B പ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന ഫോമിൽ തീയതി രേഖപ്പെടുത്തുകയോ, കൈപ്പറ്റ് രസീത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

**9. വർക്ക് അലോക്കേഷൻ ഫോറം:**

അനുഛേദം 4 പ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നില്ല. തിയതി രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.

**10. E-മസ്റ്റർ റോൾ:**

BDO,പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഒപ്പും സീലും മിക്ക മസ്ട്രോളുകളിലും ഉണ്ടായിരുന്നു. തീയതി ഉണ്ടായിരുന്നില്ല. തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല. അക്രെഡിററ് എൻജിനീയറും ഓവർസിയറും തീയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

**11.എം ബുക്ക്**:

പരിശോധിച്ച എല്ലാ ഫയലിലും M. Book ഉണ്ടായിരുന്നു. സെക്രട്ടറി സെർട്ടിഫയ് ചെയ്തിരുന്നില്ല. M.book നമ്പർ രേഖപ്പെടുത്തിയിരുന്നു. അക്രഡിറ്റഡ് എൻജിനീയർ, ഓവർസിയർ, എന്നിവർ ഒപ്പും സീലും രേഖപ്പെടുത്തുകയും അക്രഡിറ്റഡ് എൻജിനീയർ തുക പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റ് തുകയും യഥാർത്ഥചിലവും തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല.

**12. മെറ്റീരിയൽ വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ:**

മെറ്റീരിയൽ ഉൾപ്പെട്ട പ്രവർത്തി ഫയലുകൾ( സിറ്റിസൺ ഇൻഫോർമേഷൻ ബോഡ് ഒഴികെ) പരിശോധിച്ചിട്ടില്ല.

**13. വേജ് ലിസ്റ്റ്:**

മസ്റ്ററോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നു.

**14. FTO:**

വേജ് ലിസ്റ്റ് പ്രകാരമുള്ള FTO എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**15 .മെറ്റീരിയൽ വൗച്ചർ & ബിൽ:**

മെറ്റീരിയൽ ഇനത്തിൽ ബോർഡ്, വളം എന്നിവ ഉൾപ്പെടുത്തിയതിന്റെ ബിൽ ഉണ്ടായിരുന്നു.

**16. റോയൽറ്റി:**

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

**17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ:**

പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ചിലതിൽ മാത്രം കാണാൻ കഴിഞ്ഞില്ല.

**18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം:**

പരിശോധിച്ച എല്ലാ ഫയലുകളിലും പ്രവർത്തിപൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

**19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്:**

മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ എല്ലാ മസ്ട്രോളുകളും രേഖപെടുത്തിയിരുന്നു.

**20. ജിയോടാഗ് ഫോട്ടോഗ്രാഫ്:**

പരിശോധിച്ച എല്ലാ ഫയലിലും ജിയോടാഗ് ഉണ്ടായിരുന്നു.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്:**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**22. സൈറ്റ് ഡയറി:**

സൈറ്റ് ഡയറി ഉണ്ടായിരുന്ന ഫയലുകളിൽ പ്രവർത്തിയുടെ പേര്,കോഡ്,അരഭിച്ച തിയതി,അവസാനിച്ച തിയതി,എസ്ടിമേറ്റ് തുക, ആകെ തൊഴിൽദിനങ്ങൾ, ഇനിഷ്യേറ്റീവ് വിശദാംശങ്ങൾ, VMC അംഗങ്ങളുടെ ഒപ്പ്, വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നീ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

VMC അംഗങ്ങൾ ബന്ധപ്പെട്ട മറ്റു ഉദ്യോഗസ്തർ പ്രവർത്തി സ്ഥലം സന്ദർശിച്ചതിന്റെ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

ആയുധ വാടക, ചികിത്സാ ചിലവ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഒരു ഫയലിലും രേഖപ്പെടുത്തിയിരുന്നില്ല.

# ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

1. അക്ഷയ ഗ്രൂപ്പ് കർഷകർക്ക് ബ്ലോക്ക് പ്ലാൻ്റേഷൻ IF/348818

പദ്ധതി പ്രകാരം 20 തൊഴിലാളികൾ ചേർന്ന് 2720 വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കണം.നിലവിൽ 2071 തൈകൾ കാണാൻ സാധിച്ചു. (649 തൈകൾ കുറവ്)

തൈകൾ വെള്ളം കയറി നശിച്ചുപോയതാണെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. പദ്ധതി പ്രകാരമുള്ള CIB ഉണ്ടായിരുന്നു.

2. ആദിത്യ J. L. G. ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻറ്റേഷൻ IF/359566

2760 വൃക്ഷ തൈകൾ ആണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, 1/4 തൈകൾ മാത്രമാണ് കാണാൻ സാധിച്ചത്. തൈകൾ പരിപാലിക്കുന്നതിൽ കാണിക്കുന്ന അശ്രദ്ധ മൂലമാണ് ഇത് സംഭവിച്ചിരിക്കുന്നത്.

3. ശ്രേയസ്സ് JLG ഗ്രൂപ്പിന് ബ്ലോക്കിന് പ്ലന്റഷന് IF/349427

17 തൊഴിലാളികൾ 2890 വൃക്ഷ തൈകൾ നട്ടു പരിപാലിക്കാൻ ലക്ഷ്യമിടുന്നു. നട്ടുവളർത്തിയ വൃക്ഷതൈകളിൽ വേപ്പ്, മാതളം , പേര എന്നിവയുണ്ടായിരുന്നു.

മഴകളിലും വെള്ളപൊക്കത്തിലും കുറെ തൈകൾ നശിച്ചതായി കാണാൻ കഴിഞ്ഞു. നിലവിൽ 2010 ഓളം വൃക്ഷതൈകൾ സൈറ്റിൽ കാണാൻ കഴിഞ്ഞു (880തൈകൾ കുറവ്) . നശിച്ച വൃക്ഷതൈകളുടെ സ്ഥാനത് പുതിയവ വച്ചുപിടിപ്പിച് പരിപാലിക്കുന്നു .

4. ഐശ്വര്യശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലന്റഷൻ

എസ്റ്റിമേറ്റ് പ്രകാരം 2210 വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുവാൻ ആണ് പറഞ്ഞിരുന്നത് .ഫീൽഡ് പരിശോധനയിൽ 2007 തൈകൾ കാണാൻ കഴിഞ്ഞു (203തൈകൾ കുറവ്) . നശിച്ചു പോകുന്നതിന് പകരമായി പുതിയവ നട്ടുപിടിപ്പിക്കുന്നുണ്ട്.

5. പുനർജ്ജനി പദ്ധതിയുമായി സംയോജിച്ച് പെരുന്തിരിക്കാട് ഭാഗത്തെ വിടുകളിൽ കൃഷിയോഗ്യമാക്കൽ

എസ്റ്റിമേറ്റ് പ്രകാരം പെരുന്തിരിക്കാട് പ്രേദേശത്തെ പല വീടുകളിലായ് പച്ചക്കറി നട്ടതായ് അറിയാൻ കഴിഞ്ഞു. വർക്ക് കഴിഞ്ഞു കുറെ മാസങ്ങൾ ആയതിനാൽ ഫീൽഡ് വിസിറ്റിൽ കാര്യമായിട്ട് ഒന്നും കാണാൻ കഴിഞ്ഞില്ല. എങ്കിലും ചില വീടുകളിൽ കുറച്ചു ചെടികൾ കാണാൻ കഴിഞ്ഞു.

6. ലൈഫ് ഭവന നിർമ്മാണം ബിന്ദുകുന്നേൽ IF/374852

90 ദിവസത്തെ തൊഴിൽ ലഭിക്കുകയും അതിന്റെ വേധനവും ലഭിച്ചു.

7. പുനർജ്ജനി പദ്ധതിയുമായി സംയോജിച്ചു കൊണ്ട് ലിസ്യുനഗർ ഭാഗത്തെ വീടുകളിൽ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ IF/371601

പദ്ധതിയിൽ ഒരാൾക്ക് 5 ഇനങ്ങളുടേതായി 25 തൈകൾ വീതമാണ് ലഭിച്ചത്. ഫീൽഡ് പരിശോധനയിൽ വഴുതന, വെണ്ട എന്നിവ കാണുവാൻ സാധിച്ചു.

## അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ പലതിലും കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൗകര്യങ്ങൾ ഉറപ്പാക്കുന്നു.

പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ട ശേഷം 15 ദിവസങ്ങൽകുള്ളിൽ തൊഴിൽ ലഭ്യമാകുകയോ, വേതനം ലഭികുകയോ ചെയുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

പുതിയ തൈകൾ വാങ്ങുന്നതിനും വളം ഇടുന്നതിനുമായി തൊഴിലാളികൾ പിരിവിട്ടു ചിലവ് കണ്ടെത്തുന്നു.

## *നിരീക്ഷണങ്ങളും കണ്ടെത്തലുകളും*

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല. തൊഴിൽ കാർഡ് പരിശോധനയിൽ കാർഡുകളിൽ വെട്ടിത്തിരുത്തലുകൾ കണ്ടിരുന്നു.

മൂന്നു വർഷം തുടർച്ചയായി തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ 3 വർഷം പരിപാലനം നൽകിയാണ് ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കൽ പ്രവർത്തികൾ നടത്തുന്നത്. വിവിധയിനം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ വിഷരഹിതമായ ഫലങ്ങൾ വരും തലമുറയ്ക്കും ലഭ്യമാകും. ഇതിലൂടെ മണ്ണിലേക്ക് ജലം എത്തുന്നതിനും അന്തരീക്ഷത്തിലെ ഓക്സിജൻ വർദ്ധിപ്പിക്കുന്നതിനും കഴിയും.

ഫലവൃക്ഷതൈകൾ നട്ടുപിടിപ്പക്കൽ പ്രവർത്തികളിൽ സ്ഥലപരിമിതിക്കും താഴ്ന്ന സ്ഥലത്തിനും അനുയോജ്യമായ തരത്തിലുള്ള വൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കുറച്ച് സ്ഥലത്ത് കൂടുതൽ വൃക്ഷതൈകൾ നട്ടുപരിപാലിച്ചിരിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞു. ഇത് ചെടികളുടെ ശരിയായ വളർച്ചക്ക് തടസ്സം നിൽക്കുന്നു. പ്രസ്തുത പ്രവർത്തിയിൽ ശരിയായ വളപ്രയോഗം നടത്താൻ കഴഞ്ഞിട്ടില്ല. തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ച് ചെടികൾക്ക് വളം നൽകേണ്ട അവസ്ഥയാണുള്ളത്. കൊടും വരൾച്ചയിലും മസ്റ്ററോൾ ഇല്ലാത്ത സമയങ്ങളിലും വറ്റി വരണ്ട കുളങ്ങൾ വെട്ടി നട്ടു വളർത്തിയ ഫലവൃക്ഷതൈകൾ വിഷരഹിതമായ ഫലങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഗ്രാമസഭ മിനുട്സ്.

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് വാർഡ് 22 (ലിസ്യൂ നഗർ) സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 29/11/2019, തിങ്കളാഴ്ച 10.00 മുതൽ ലിസ്യൂ നഗർ കമ്മ്യൂണിറ്റി ഹാളിൽ ചേർന്നു.

ഗ്രാമ സഭയക്ക് തൊഴിലാളിയായ ശ്രീമതി അനിത അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച യോഗത്തിന് വാർഡ് മെമ്പർ സജി ആന്റണി സ്വാഗതം ആശംസിച്ചു. പഞ്ചായത്ത് പ്രസിഡന്റ് , NREGA accredited എഞ്ചിനീയർ , ഓവർ സീയർ, വാർഡ് മെമ്പർ, വാർഡ് വികസന സമിതി അംഗങ്ങൾ, CDS മെമ്പർമാർ, VMC അംഗങ്ങൾ, മേറ്റുമാർ, തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

1/10/2018 മുതൽ 31/3/2019 വരെ പൂർത്തീകരിച്ച 7 പ്രവർത്തികൾ ആണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട 10 അവകാശങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളുടെ ഫയൽ , ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകളും റിസോഴ്സ്പേഴ്സൺ അവതരിപ്പിച്ചു.

കരട് ഓഡിറ്റ് റിപ്പോർട്ടിൽ വാർഡ് 22 ൽ തൊഴിലിന് അപേക്ഷിച്ചതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും തൊഴിലാളികളുടെ 10 അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ലെന്നും, തൊഴിലിട സൗകര്യങ്ങൾ ലഭിക്കുന്നില്ല, വൃക്ഷതൈ നടീൽ പ്രവർത്തികളിൽ ഭുഉടമയുമായി കരാർ വയ്ക്കുകയും ഏതു വസ്തുവിൽ ഏതൊക്കെ ചെടികൾ നട്ടുപിടിപ്പിക്കുന്നുവെന്നുള്ള കാര്യങ്ങൾ ഫയലിൽ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചു. തുടർന്ന് ഫയലിലും ഫീൽഡിലുമായി കണ്ടെത്തിയ കാര്യങ്ങൾ ഗ്രാമസഭ വിശദമായി ചർച്ച ചെയ്തു.

VRP മാരായ മനീഷ രാജ് P.B,നിഷാ പുഷ്കരൻ , പ്രവീണ പ്രകാശൻ , ശ്രീലക്ഷ്മി ശ്രീകുമാർ എന്നിവർ ചേർന്ന് ഗ്രാമസഭ റിപ്പോർട്ട് അവതരിപ്പിച്ചു. ശേഷം തൊഴിലാളികൾ അവരുടെ അഭിപ്രായങ്ങളും, പരാതികളും, ആശങ്കകളും, ആവശ്യങ്ങളും പങ്കുവെച്ചു.

**തൊഴിലാളികളുടെ പ്രസക്തമായ അഭിപ്രായങ്ങൾ**

- ഗിരിജ - വേതനം കൃത്യസമയത്ത് കിട്ടുന്നില്ല
- ആൻസി - എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിലാളികൾ ഇന്ന് തൊഴിൽ ചെയ്യുന്നില്ല
- ജിൻസി- ആൻസിയുടെ അതേ അഭിപ്രായം ഉന്നയിച്ചു
- വിജയമ്മ - ആയുധങ്ങളുടെ വാടക തൊഴിലാളികൾക്ക് ഇപ്പോൾ ലഭ്യമാകുന്നില്ല
- ടെസ്സി - ശ്രേയസ് ഗ്രൂപ്പ് plantation ആരംഭത്തിൽ പതിനഞ്ച് തൊഴിലാളികളാണ് ഉണ്ടായിരുന്നത് എന്നാൽ ഇപ്പോൾ 13 പേർ മാത്രമാണ് തൊഴിൽ ചെയ്യുന്നത്
- കുഞ്ഞമ്മ (മേറ്റ്) - അക്ഷയ ഗ്രൂപ്പിന്റെ ബ്ലോക്ക് plantation വർക്ക് തുടക്കത്തിൽ 21 തൊഴിലാളികൾ ഉണ്ടായിരുന്നു എന്നാൽ മൂന്നുപേർ പിന്നീട് മറ്റു തൊഴിലുകൾക്ക് ആയി പോയി.
- അജിമോൾ (മേറ്റ്) - ഐശ്വര്യ ശ്രീ ഗ്രൂപ്പിൽ 16 തൊഴിലാളികൾ തുടക്കത്തിൽ ഉണ്ടായിരുന്നു എന്നാൽ ഇപ്പോൾ ചിലർ മറ്റു തൊഴിലുകൾക്ക് പോകുന്നുണ്ട്.

തൊഴിലാളികൾക്ക് പുറമേ ഫീൽഡ് പരിശോധനയെ കുറിച്ച് വാർഡ് മെമ്പർ സജി ആന്റണി, വാർഡ് വികസന സമിതി അംഗം ബെന്നിച്ചൻ എന്നിവർ അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. ആദിത്യ ഗ്രൂപ്പിന്റെ ഫീൽഡ് പരിശോധനയിൽ തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടായ അശ്രദ്ധമൂലം രണ്ടു വീടുകളിൽ നട്ടുപിടിപ്പിച്ച തൈകൾ എണ്ണുവാൻ കഴിഞ്ഞില്ല. കൂടാതെ ഇതൊരു പ്രളയബാധിത പ്രദേശമായതിനാൽ തൈകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട് എന്ന് വാർഡ് മെമ്പർ അഭിപ്രായപ്പെട്ടു. വൃക്ഷത്തൈ നടുന്നതിനോടൊപ്പം പച്ചക്കറികൃഷി കാന്താരി എന്നിവ കൂടി ഉൾപ്പെടുത്തിയാൽ കൂടുതൽ ആദായം ഉണ്ടാക്കാൻ സാധിക്കുമെന്ന് വാർഡ് വികസന സമിതി അംഗം ബെന്നിച്ചൻ അഭിപ്രായപ്പെട്ടു.

പഞ്ചായത്ത് പ്രസിഡന്റ് ജ്യോതിസ് തൊഴിലുറപ്പ് പദ്ധതിയെ കുറിച്ച് ആധികാരികമായി സംസാരിച്ചു.

തുടർന്ന് എൻ ആർ ഇ ജി എ ഓവർസിയർ ലതി മോൾ റിപ്പോർട്ടിനെ കുറിച്ചും ചർച്ചയിൽ ഉയർന്നു വന്ന ചോദ്യങ്ങൾക്കും മറുപടി പറഞ്ഞു.

**ചർച്ചക്കുള്ള മറുപടി**

- എസ്റ്റിമേറ്റ് ആദ്യകാലത്ത് ജനകീയ ഭാഷയിലായിരുന്നു എന്നാൽ പുതിയ രീതി പ്രകാരം secure ൽ ഇംഗ്ലീഷിലാണ് എസ്റ്റിമേറ്റ് ഉള്ളത്.
- തൊഴിൽ ആയുധങ്ങളുടെ വാടക ഷാർപ്പണിങ് ചാർജ് എന്നിവ നൽകുന്നതിനെക്കുറിച്ച് ബ്ലോക്കിൽ നിന്ന് കൃത്യമായ മാർഗനിർദേശം ലഭിക്കാത്തതിനാലാണ് നൽകാൻ സാധിക്കാത്തത്.
- സെക്രട്ടറിയുടെ ഒപ്പ് എം ബുക്കിൽ ഇല്ലാത്തത് ട്രാൻസ്ഫർ ആയി പോയതിനാലാണ്.
- കുടിവെള്ളത്തിന് ആദ്യകാലത്ത് പണം അനുവദിച്ചിരുന്നു എന്നാൽ ഇന്ന് അടിസ്ഥാനസൗകര്യങ്ങൾക്ക് ഉള്ള ചിലവ് നൽകാനുള്ള നിർദേശം ലഭിച്ചിട്ടില്ല
- ചാണകം ഡിസ്പ്ലേ ബോർഡ് എന്നിവയ്ക്ക് മാത്രമാണ് എസ്റ്റിമേറ്റ് പ്രകാരം ഫണ്ട് അനുവദിച്ചിരിക്കുന്നത്.
- തൊഴിലുറപ്പിൽ ജോലിചെയ്യുന്നവർ കൃത്യമായി ചെടികൾ നനയ്ക്കുകയും പരിപാലിക്കുകയും ചെയ്യണം
- ആദിത്യ ജെ എൽ ജി ഗ്രൂപ്പിന് താഴ്ന്ന പ്രദേശമായതിനാലാണ് തൈകൾ നശിച്ചു പോകുന്നത് കൂടാതെ ഈ പ്രദേശത്ത് ടോയിലറ്റ് മാലിന്യം ഉള്ളതിനാൽ തൊഴിലാളികൾക്ക് ജോലി ചെയ്യുവാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു.
- പുനർജനി നല്ല രീതിയിൽ വിജയിച്ചിട്ടുണ്ട്
- ലൈഫ് പദ്ധതികൾ നടന്നു വരുന്നു
- തൊഴിലാളികൾ കൃത്യമായ പരിചരണത്തിലൂടെ തൈകൾ വളർത്തണം

പിന്നീട് ബിആർപി സീനാ മാഡം തൊഴിലാളികളോട് സംസാരിച്ചു.

**പ്രസക്തമായ അഭിപ്രായങ്ങൾ:**

- എസ്റ്റിമേറ്റ് മനസ്സിലാക്കി ജോലി ചെയ്യാൻ ശ്രമിക്കുക
- ആദ്യ ഓഡിറ്റിംഗ് ആയതിനാൽ ചെറിയ കുറവുകൾ ഉണ്ടാകാം
- ഇനി എല്ലാ ആറുമാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തും
- നോക്കിയാൽ കാണാവുന്ന പ്രവർത്തികളാണ് തെരഞ്ഞെടുക്കേണ്ടത്
- ആസ്തി വികസന പ്രവർത്തികൾ ഏറ്റെടുക്കാൻ ശ്രമിക്കുക

## ഗ്രാമസഭ തീരുമാനങ്ങൾ

- റോഡുകൾ, കാണകൾ തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു
- നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം പുതിയവ നട്ടുവളർത്താൻ തീരുമാനിച്ചു
- എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ കൃത്യമായി നടപ്പിലാക്കാൻ തീരുമാനിച്ചു
- തൊഴിലിട സൗകര്യങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചു
- plantation പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള വളം നൽകുന്നതിന് തീരുമാനിച്ചു

ശേഷം സി ഡി എസ് മെമ്പർ ജിൻസി എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തി.